# GLPS VAYALA EAST

# അക്കാദമിക് മാസ്റ്റർ പ്ലാൻ

പഞ്ചായത്ത് : കടപ്ലാമറ്റം

സബ്ജില്ല : കുറവിലങ്ങാട്

വിദ്യാഭ്യാസ ജില്ല : കടുത്തുരുത്തി

ബി.ആർ.സി : കുറവിലങ്ങാട്

## 2025-2026

# അക്കാദമിക മാസ്റ്റർപ്ലാൻ

## 2025-2026

### ആമുഖം

കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽ കടപ്ലാമറ്റം ഗ്രാമപഞ്ചായത്തിൽ സ്ഥാപിതമായ ആദ്യ വിദ്യാലയമാണ് മേടയ്ക്കൽ സ്കൂൾ എന്നറിയപ്പെടുന്ന ഗവ .എൽ . എസ് വയല ഈസ്റ്റ് .

നൂറ്റാണ്ടുകളുടെ ചരിത്രമുറങ്ങുന്ന ഈ സരസ്വതിക്ഷേത്രം ഈ നാടിന്റെ തന്നെ അഭിമാനസ്തംഭമായി നിലകൊള്ളുന്നു. ഒരു നാടിനു മാർഗ്ഗദീപമായി, ആയിരക്കണക്കിനു വിദ്യാർത്ഥി മനസ്സുകളിൽ അക്ഷരമായി, ആശയമായി, സംസ്ക്കാരസമ്പന്നതയായി തെളിഞ്ഞു പ്രകാശിക്കുന്ന ഈ വിദ്യാലയ മുത്തശ്ശി ഇന്ന് 110 വർഷം പിന്നിടുകയാണ് .

മരങ്ങാട്ടുപള്ളി, കടപ്ലാമറ്റം, മാറിയിടം, വയല തുടങ്ങിയ സ്ഥലങ്ങളിൽ നിന്നുള്ള കുട്ടികൾ ഈ സ്കൂളിൽ പഠിച്ചിരുന്നു. ബഹു .മുൻ .മന്ത്രി ശ്രീ .കെ .എം മാണി സാറിന്റെ പിതാവ് ഈ സ്കൂളിൽ ആയിരുന്നു പഠിച്ചത്. ഡോക്ടർമാർ, എൻജിനിയർമാർ, അദ്ധ്യാപകർ, തുടങ്ങി നിരവധി മേഖലകളിൽ എത്തിയ ആളുകൾ ഈ സരസ്വതിമന്ദിരത്തിന്റെ സംഭാവനകളാണ് .

കാലത്തിന്റെ കുത്തൊഴുക്കിൽ സമൂഹകാഴ്ചപ്പാടിലുണ്ടായ മാറ്റത്തിന്റെ ഫലമായി എല്ലാ പൊതുവിദ്യാലയങ്ങൾക്കും സംഭവിച്ച വിദ്യാർത്ഥിക്ഷാമം ഈ സ്കൂളിനെയും ബാധിച്ചിട്ടുണ്ട് .ഈ സ്കൂളിൽ അധ്യയനം നടത്തുന്ന മുഴുവൻ കുട്ടികളും സാമുദായികമായും സാമ്പത്തികമായും പിന്നോക്കകാവസ്ഥയിൽ ഉള്ളവരാണ് .

## ചരിത്രം

19-ാം നൂറ്റാണ്ടിന്റെ ആദ്യകാലഘട്ടത്തിൽ ക്രാന്തദർശിയായ ശ്രീ.ഔസേഫ് മേടയ്ക്കൽ സ്വന്തം വീടിന്റെ മുകൾ നിലയിൽ ആരംഭിച്ചതാണ് ഈ വിദ്യാലയം.1915-ൽ ഇപ്പോഴുള്ള 75 cent സ്ഥലത്തു നിർമ്മിച്ച ഓല ഷെഡിലേക്ക് ഈ സ്കൂളിന്റെ പ്രവർത്തനം മാറ്റി.നിലവിലുള്ള ഓടിട്ട സ്കൂൾ കെട്ടിടം നിർമ്മിച്ചത് 1965 ൽ ആണ്.

കാൽനട മാത്രമായിരുന്ന പഴയകാലത്തു ഈ വിദ്യാലയത്തിന് മുന്നിലൂടെയായിരുന്നു പൊതുവഴി. പിന്നീട് ഇന്നത്തെ കടപ്ലാമറ്റം - വയല റോഡ് നിർമ്മിക്കപ്പെട്ടതോടെ വഴിയും സ്കൂളും തമ്മിലുള്ള അകലം വർധിച്ചു. ഇന്നും ഈ വിദ്യാലയത്തിലെത്താൻ കൽനടതന്നെയാണ് ആശ്രയം .

സ്വകാര്യഉടമസ്ഥതയിൽ ആരംഭിച്ച ഈ വിദ്യാലയം പിന്നീട് സർക്കാരിന് വിട്ടുകൊടുക്കുകയാണുണ്ടായത്. ആദ്യകാലത്തു ഒന്നുമുതൽ അഞ്ചുവരെ ക്ലാസ്സുകളാണ് ഉണ്ടായിരുന്നത്. പിന്നീട് സർക്കാർ നയം മാറിയതോടെ ഒന്നുമുതൽ നാലുവരെ ക്ലാസ്സുകളായാണ് പ്രവർത്തിക്കുന്നത്. 1990 മുതൽ പി.ടി.എ യുടെ നേതൃത്വത്തിൽ ഒരു പ്രീ- പ്രൈമറിയും സ്കൂളിനോടനുബന്ധിച്ചു പ്രവർത്തിച്ചു വരുന്നു.

നമ്മുടെ നാടിനു നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന പാടം, തോട്, പച്ചപ്പ് എന്നിവയുടെയെല്ലാം സാന്നിധ്യംകൊണ്ട് അനുഗ്രഹീതമായ ഈ വിദ്യാലയം ആയിരക്കണക്കിന് ആളുകൾക്ക് അറിവിന്റെ വെളിച്ചം പകർന്നുകൊണ്ടിരിക്കുന്ന ഒരു പ്രകാശഗോപുരമായി നിലകൊള്ളുന്നു .

# അക്കാദമിക്ക് മാസ്റ്റർ പ്ലാൻ

**ക്ലാസ്സ് ഒന്ന്**

**ആമുഖം**

പൊതു വിദ്യാഭ്യാസത്തിൻറെ ഗുണമേന്മ കൂടുതൽ മെച്ചപ്പെടുത്തുക സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളെയും വിദ്യാലയ/പഠന പ്രവർത്തനങ്ങളുടെ ഭാഗമാക്കുക എന്ന വിശാലമായ ലക്ഷ്യംമുന്നിൽ കണ്ടുകൊണ്ടാണ് പദ്ധതി രൂപീകരിക്കുന്നത്. 2024-25അധ്യയന വർഷത്തിൽ ഒന്നാംതരത്തിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രാധാന്യം നൽകി അവരെ ഉയർന്ന നിലവാരത്തിൽ എത്തിക്കാനും അനുയോജ്യമായ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിയിരിക്കുന്നു. എഴുത്ത് വായന മറ്റ് അക്കാദമിക നേട്ടങ്ങൾ എന്നതിനോടൊപ്പം കുട്ടിയുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യം ഇടുന്നത് പുതിയ വർഷത്തിൽ

കുട്ടികൾക്ക്

ഭാഷയിലും ശാസ്ത്രത്തിലും ഗണിതത്തിലും ജൈവകൃഷിയിലും കൂടുതൽ അവബോധം ഉണ്ടാക്കാൻ ഈ പ്രവർത്തനങ്ങൾ മൂലം ഓരോ കുട്ടിക്കും സാധ്യമാകുന്നു.
പഠന പ്രവർത്തനങ്ങൾ ശിശു സൗഹാർദ്ദപരവും കൂടുതൽ ആസ്വാദ്യകരമാക്കി മാറ്റാനും അതോടൊപ്പം കുട്ടികളുടെ പഠനകാര്യങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പ് വരുത്താനും പദ്ധതി ലക്ഷ്യമിടുന്നു

**വിഷയം - മലയാളം**

**ലക്ഷ്യങ്ങൾ**

*ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനുമുള്ള ശേഷിയുള്ളവരാക്കുക
*എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യകൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ള വരാക്കുക
*സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘുവാക്യങ്ങളിൽ എഴുതുന്നതിനുള്ള കഴിവ് നേടുക
*പലതരത്തിലുള്ള പതിപ്പുകൾ രൂപപ്പെടുത്തിയെടുക്കുന്നു
*ലളിതമായ വായനക്കാർഡുകൾ നിർമ്മിക്കുന്നു വായിക്കുന്നു.
*പത്രം തയ്യാറാക്കുന്നു.
സ്വന്തമായി ഡയറി എഴുതുന്നു.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| *വായന | *ചിത്ര വായന<br>*വിവിധതരം ചിത്രങ്ങൾ കാണിച്ച് വായനയ്ക്ക് കുട്ടികളെ പ്രാപ്തരാക്കുന്നു.<br>*വായനാ മൂല ഒരുക്കൽ<br>*പത്രവായന<br>*വായന കാർഡ് തയ്യാറാക്കൽ | | | |
| ലേഖനം | *ചിത്രങ്ങൾ നോക്കി അവയുടെ പേര് എഴുതുന്നു<br>*സചിത്ര ബുക്ക്<br>* സംയുക്ത ഡയറി എഴുത്ത് | | | |

* ആവർത്തിച്ചുവരുന്ന അക്ഷരം കണ്ടെത്തുന്നു
ആ അക്ഷരം എഴുതുന്നു
* ആവർത്തിച്ചുവരുന്ന പദങ്ങൾ കണ്ടെത്തുന്നു
എഴുതുന്നു.
* സാങ്കൽപ്പിക ഡയറി എഴുതുന്നു
* വരികൾ കൂട്ടിച്ചേർക്കുന്നു
* ചിത്രം നൽകി അതിൽ നിന്ന് കഥ ഉണ്ടാക്കുന്നു
* സ്വന്തമായി പതിപ്പ് ഉണ്ടാക്കുന്നു

# S.T.D : 1
## പരിസരപഠനം

**ലക്ഷ്യങ്ങൾ**

- സസ്യങ്ങൾ നിരീക്ഷിച്ച് പ്രത്യേകതകൾ കണ്ടെത്തുന്നു, പൂക്കളുടെ സാമ്യവ്യത്യാസങ്ങൾ പട്ടികപ്പെടുത്തുന്നു
- നിറം, രുചി, മണം ആകൃതി എന്നിവയിൽ പഴങ്ങൾ വ്യത്യസ്തമാണെന്ന് കണ്ടെത്തുന്നു.
- പഴങ്ങൾ ആരോഗ്യത്തിന് നല്ലതാണെന്ന് മനസ്സിലാക്കുന്നു.

| ലക്ഷ്യം | പ്രവർത്തനം | കാലം |
|---|---|---|
| ചെടികൾ നിരീക്ഷിച്ച് വ്യത്യസ്തത ഉണ്ടെന്നു കണ്ടെത്തുന്നു | പ്രകൃതി നടത്തം<br>ചെടികൾ നിരീക്ഷണം<br>പൂക്കൾ പ്രദർശിപ്പിക്കുന്നു | ജൂൺ |
| ചെടികൾക്ക് വേര്, തണ്ട്, ഇല, പൂവ്, കായ് എന്നിവ കണ്ടെത്തുന്നു | സ്ക്കൂളിൽ പൂന്തോട്ടം നിർമ്മിക്കുന്നു<br>ചെടികൾ നിരീക്ഷിച്ച് ഭാഗങ്ങൾ കണ്ടെത്തുന്നു.<br>ഭക്ഷ്യയോഗ്യമായ ഭാഗങ്ങൾ പട്ടികപ്പെടുത്തുന്നു. | ജൂലൈ<br>ഓഗസ്റ്റ് |
| പഴങ്ങൾ<br>ആരോഗ്യത്തിന് | പഴങ്ങൾ, പച്ചക്കറികൾ, കിഴങ്ങുകൾ എന്നിവ കൊണ്ടുവരുന്നു. ഭക്ഷ്യയോഗ്യമായവ കണ്ടെത്തുന്നു.<br>അടുക്കളത്തോട്ടം നിർമ്മിക്കുന്നു | ഡിസംബർ |

# S.T.D : I
## ENGLISH

**Aim**

To speak, read, and write English without any mistakes.

| Aim | Activities | Support |
|---|---|---|
| Skills | Listening skill and reading skills<br>Description, growing sentences, picture reading growing sentences<br>Picture reading riddles | |
| Reading skills | Reading breaking news finds words from reading materials<br>Rhyming words<br>Describing words from text book activities | |
| Writing skills | Make word web picture description word chain<br>Make word web<br>story telling<br>Riddles | |

# S.T.D : 1

## മലയാളം

**ലക്ഷ്യങ്ങൾ**

- ഒന്നാം ക്ലാസ്സിൽ എല്ലാ കുട്ടികളേയും എഴുതാനും വായിക്കാനും ശേഷിയുള്ളവരാക്കുക.
- ലളിതമായ ബാലസാഹിത്യ കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
- സ്വന്തം ആശയം മറ്റുള്ളവരുടെ സഹായമില്ലാതെ ലഘുവാക്യങ്ങളായി എഴുതുന്നതിനുള്ള കഴിവ് നേടുക.
- പലതരത്തിലുള്ള പതിപ്പുകൾ തയ്യാറാക്കുക.
- വായനാകാർഡുകൾ നിർമ്മിക്കുക.
- സ്വന്തമായി സംയുക്ത ഡയറി എഴുതുക.

| ലക്ഷ്യം | പ്രവർത്തനം | കാലം ചുമതല സാമ്പത്തികം |
|---|---|---|
| വായന | • ചിത്ര വായന<br>• ചിത്രങ്ങൾ കാണിച്ച് വായിപ്പിക്കുന്നു<br>• വായനാ മൂല ഒരുക്കൽ<br>• വായനാ കാർഡ് തയ്യാറാക്കൽ<br>• ബാലസാഹിത്യ കൃതികൾ വായന<br>• പത്രവായന | ജൂൺ |
| ലേഖനം | • ചിത്രങ്ങൾ നോക്കി അവയുടെ പേരുകൾ എഴുതുന്നു<br>• സചിത്ര ബുക്ക്<br>• സംയുക്ത ഡയറി എഴുത്ത്<br>• ആവർത്തിച്ചു വരുന്ന അക്ഷരം കണ്ടെത്തുന്നു. പദങ്ങൾ കണ്ടെത്തുന്നു.<br>• സാങ്കൽപ്പിക ഡയറി എഴുതുന്നു.<br>• വരികൾ കൂട്ടിച്ചേർക്കുന്നു.<br>• സ്വന്തമായി പതിപ്പ് ഉണ്ടാക്കുന്നു | ജൂലൈ<br><br><br><br><br><br>ഓഗസ്റ്റ് |

# S.T.D : 1

## ഗണിതം

**ലക്ഷ്യങ്ങൾ**

- ഒന്ന് മുതൽ അഞ്ചു വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു, എഴുതുന്നു.
- അഞ്ചുവരെയുള്ള എണ്ണത്തെ പകുതി,തുല്യം,കൂടുതൽ, കുറവ് വിശദീകരിക്കുന്നു.
- ഒന്നു മുതൽ ഇരുപതുവരെയുള്ള സംഖ്യകൾ എഴുതുന്നു വായിക്കുന്നു.

| ലക്ഷ്യം | പ്രവർത്തനം | പിന്തുണ | കാലം |
|---|---|---|---|
| സംഖ്യാ ബോധം | സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനം<br>സംഖ്യാകാർഡ് നിർമ്മിക്കുന്നു | അധ്യാപകർ | ജൂൺ |
| ഗണിതകിറ്റ് | ഗണിത പഠനത്തിന് സഹായകമായ വസ്തുക്കൾ ഉപയോഗിച്ച് ഗണിതക്കിറ്റ് തയ്യാറാക്കുന്നു. | | |
| വലിയസംഖ്യ<br>ചെറിയ സംഖ്യ | 1 മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നതിനുള്ള പ്രവർത്തനങ്ങൾ<br>സംഖ്യാഗാനങ്ങൾ ആസ്വദിക്കുന്നു | രക്ഷിതാക്കൾ | |
| സങ്കലനക്രിയകൾ<br>സംഖ്യാഗാനങ്ങൾ | സംഖ്യാകാർഡ് ഉപയോഗിച്ച് സങ്കലനം ചെയ്യുന്നു<br>ഒന്നിനോടൊന്ന് കൂട്ടിയാൽ അടുത്ത സംഖ്യകിട്ടും | | |
| വർക്ക് ഷീറ്റ് | സംഖ്യകളെയും ക്രിയകളെയും ഉറപ്പിക്കുന്നു<br>നമ്പർ ബോർഡ് തയ്യാറാക്കുന്നു | | |
| വ്യവകലന പ്രവർത്തനങ്ങൾ<br>ചിഹ്നം | ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും തമ്മിലുള്ള വ്യവകലനം<br>സങ്കലനം, വ്യവകലനം എന്നീ ചിഹ്നങ്ങൾ ഉറപ്പിക്കുന്നു | | ജൂലൈ |

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

ക്ലാസ്- II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത ചിന്താ ശേഷി വളർത്തൽ | ഒരു ദിനം ഒരു ചോദ്യം (കുസൃതി കണക്കുകളും, ഗണിത പസിലുകളും പരിചയപ്പെടൽ)<br><br>ഗണിത ക്യാമ്പ് (ഗണിതം കളികളിലൂടെ) | ആഴ്ചയിൽ ഒന്ന് വീതം<br><br>മാസത്തിൽ ഒന്ന് വീതം | SRG<br>ക്ലാസ് ടീച്ചർ | SSA |

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ്

ക്ലാസ്- II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആത്മ വിശ്വാസ ത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരി ക്കുവാനുള്ള അവസരമൊരു ക്കൽ | Let's talk…… പ്രതിഭാധനരുമായി സംവദിക്കൽ.<br>English ബാലസഭ.<br>ഇംഗ്ലീഷ് അസംബ്ലി One day English | മൂന്ന് മാസ ത്തിൽ ഒന്ന്<br>മാസത്തിൽ ഒന്ന്<br>ആഴ്ചയിൽ ഒന്ന് | SRG<br>Class Teacher<br>SMC | S S A |

മേഖല - അക്കാദമികം

ഉപമേഖല - ഭാഷ

ക്ലാസ് - II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഉചിതമായ വ്യവഹാര രൂപ ങ്ങളിലുള്ള ലേഖന മികവ് | 1) എഴുത്തും കുത്തും ലഘു രചനയിലേക്ക് നയിക്കുന്ന രചനാ ക്യാമ്പു കൾ<br>2) ലഘുപതി പ്പുകൾ തയ്യാറാ ക്കൽ. | ഒക്ടോബർ<br>നവംബർ<br>ഡിസംബർ | SRG<br>SMC<br>ക്ലബ്ബുകൾ<br>മദർ പി. ടി. എ<br>സ്റ്റാഫ്. | ~~ടഞ്ഞ~~<br>മദർ പി.ടി.എ |
| സർഗാത്മകതയെ തട്ടിയു ണർത്താം | 1) രചനാശില്പ ശാല കഥ, കവിത, രചന കൾക്കുള്ള വേദിയൊരുക്കൽ | ഡിസംബർ<br>ജനുവരി | SMC<br>അദ്ധ്യാപകർ<br>ക്ലബ്ബുകൾ<br>പ്രമുഖ വ്യക്തി കൾ | SRG<br>SMC |

മേഖല - അക്കാദമികം

ഉപമേഖല - പരിസരപഠനം

ക്ലാസ്- II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന്. | ശുചിത്വ സർവ്വേ<br>ക്ലാസുകൾ<br>പോസ്റ്റർ രചനാ മത്സരം<br>അവതരണങ്ങൾ | ജൂൺ, ജൂലൈ | ക്ലാസ് ടീച്ചർ<br>SRG<br>SMC | |
| പ്രകൃതിയെ അറിയാൻ. | പ്രകൃതി നടത്തം<br>കാഴ്ചബംഗ്ലാവിലേക്ക്.<br>കാണാക്കാഴ്ചകൾ - ഇല | സപ്തംബർ<br>ഡിസംബർ | ടീച്ചേർസ്<br>SRG<br>SMC | SMC |
| നാടറിയാൻ - നാട്ടറിവുകൾ | കർഷകരുമായി അഭിമുഖം.<br>കൃഷിയിടത്തിലേക്ക്.<br>നമുക്കും കർഷകരാകാം | ജനുവരി | SRG<br>SMC<br>നാട്ടുകാർ | |

**മേഖല - അക്കാദമികം**

**ഉപമേഖല - ഭാഷ**

**ക്ലാസ്- III**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാഹിത്യ പ്രതിഭകളെ അടുത്തറിയാം | 1) കവികളെ കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം | ജൂൺ | അദ്ധ്യാപകർ<br>SMC | SMC |
| | 2) പുസ്തക ശേഖരണവും പ്രദർശനവും | ജൂൺ<br>ഡിസംബർ | അദ്ധ്യാപകർ<br>SMC | SMC |
| | 3) ചിത്ര ഗ്യാലറി | ജനുവരി | മദർ പി.ടി.എ<br>ക്ലബ്ബുകൾ | |
| വായനാ പരിപോഷണം | 1) പൊതു സമൂഹവുമായി ബന്ധപ്പെട്ട് പുസ്തക ശേഖരണം | നവംബർ | വായനശാല<br>SMC<br>SRG | ക്ലബ്ബ്<br>SMC<br>SRG |
| | 2) വായനാക്കളരി | ആഴ്ചയിലാണ് | | |
| | 3) നാട്ടുവായന - പ്രാദേശിക എഴുത്തുകാരുമായുള്ള സംവാദം | ആഗസ്ത് | ക്ലബ്ബുകൾ<br>സാഹിത്യ ക്ലബ്ബ് | വായനശാല |

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ്

ക്ലാസ്- III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായന - ആശയമറിഞ്ഞും ഒഴുക്കോടെയും | ക്ലാസ് ലൈബ്രറി വികസനം. | ജൂൺ - മാർച്ച് | ക്ലാസ്സ് ടീച്ചർ | |
| | വാർത്താവായനാമത്സരം സംഘടിപ്പിക്കൽ | മാസത്തിൽ ഒന്ന് | ക്ലാസ്സ് ടീച്ചർ | |
| | വായനാക്യാമ്പുകൾ | 3 മാസത്തിൽ ഒന്ന് | P.T.A | |
| | ബാല പ്രസിദ്ധീകരണങ്ങളുടെ വായന | ജൂൺ - മാർച്ച് | P.T.A | |

മേഖല - അക്കാദമികം

ഉപമേഖല - പരിസരപഠനം

ക്ലാസ്- III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രാവബോധം വളർത്തുക | കണ്ടെത്താം അറിയാം<br>ലഘു പരീക്ഷണങ്ങൾ കണ്ടെത്തുന്നു.<br>കുറിപ്പു തയ്യാറാക്കൽ. | ജൂൺ<br>ജൂലൈ<br>ആഗസ്ത് | ക്ലാസ്സ്ടീച്ചർ | |
| പ്രകൃതി വിഭവ സംരക്ഷണം | ജൈവ-വൈവിധ്യ പാർക്ക്<br>തടയണ, മഴക്കുഴിനിർമ്മാണം<br>ജലസ്രോതസ്സുകൾ<br>പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം | ജൂലൈ<br>ഡിസംബർ | P.T.A | |
| ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കൽ | ശാസ്ത്ര പ്രതിഭകളെ അടുത്തറിയാം<br>പരീക്ഷണം വീട്ടിനകത്തും<br>ശാസ്ത്ര മാസികകൾ | | P.T.A | |

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

ക്ലാസ്- III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം | ഒറിഗാമി ശില്പശാല രസകരമായി ഗണിതപഠനവും നിർമാണ പ്രവർത്തനങ്ങളുടെ ആസൂത്രണവും. ഒറിഗാമിടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കൽ, പ്രദർശിപ്പിക്കൽ | ഒക്ടോബർ | SRG<br>PTA | S S A |
| ഗണിതം ലളിതമാക്കാം കളികളിലൂടെ | മെട്രിക് മേള ഗണിതോത്സവം | ജനുവരി | SRG<br>ക്ലാസ് ടീച്ചർ | S S A<br>Staff<br>S M C |

# അക്കാദമിക് മാസ്റ്റർ പ്ലാൻ - 2025-26.

## Std- IV

ലക്ഷ്യം: നാലാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്ക് ഭാഷയിലും, ഗണിതത്തിലും, പരിസര പഠനത്തിലും സമഗ്രവും ആസ്വാദ്യകരവുമായ പഠനം ഉറപ്പാക്കുക. ഓരോ കുട്ടിയുടെയും വ്യക്തിഗത കഴിവുകൾ തിരിച്ചറിഞ്ഞ് അവ പരിപോഷിപ്പിക്കുക.

പൊതു തത്വങ്ങൾ:

- കളികളിലൂടെയും പ്രവർത്തനങ്ങളിലൂടെയുമുള്ള പഠനം.
- സർഗ്ഗാത്മകതയ്ക്കും സ്വയം പഠനത്തിനും പ്രാധാന്യം.
- സാമൂഹികവും പാരിസ്ഥിതികവുമായ അവബോധം വളർത്തൽ.
- സാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം.
- കുടുംബത്തിന്റെയും സമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പാക്കുക.

1. മധുരം മലയാളം (ഭാഷാ പഠനം)

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകി മുന്നോട്ട് കൊണ്ടുവരൽ. | ലക്ഷ്യം നേടുന്നതുവരെ | SRG, ക്ലാസ് ടീച്ചർ | PTA ഫണ്ട് |

| പ്രവർത്തനം | ലക്ഷ്യം | കാലം | പങ്കാളികൾ | സാമ്പത്തികം |
|---|---|---|---|---|
| ആവശ്യമായ പഠന സാമഗ്രികൾ ഒരുക്കൽ. | | | | |
| വായിക്കാം വളരാം | വായനാശേഷി വളർത്തൽ. | വർഷം മുഴുവൻ | HM, SRG, ക്ലാസ് ടീച്ചർ | PTA |
| ക്ലാസ് വായന, ക്ലാസ് ലൈബ്രറി ഒരുക്കൽ- പുസ്തക പരിചയം. | | | | |
| വായനാ കുറിപ്പ്, ആസ്വാദന കുറിപ്പ്, പുസ്തക സംവാദം. | | | CPTA | |
| എഴുതാം തെളിയാം | എഴുത്ത് പരിപോഷിപ്പിക്കൽ. | പ്രതിമാസം (വർഷം മുഴുവൻ) | SRG, ക്ലാസ് ടീച്ചർ | PTA |
| പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ എഴുത്തിലൂടെ പ്രകടിപ്പിക്കൽ. | | | | |
| എഴുത്തുകാരുമായി സംവദിക്കൽ | ലേഖന ശേഷി വർദ്ധിപ്പിക്കൽ, സാഹിത്യകാരന്മാരെ അടുത്തറിയൽ. | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | |
| സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ. | | | | |
| കണ്ടറിയാം... കേട്ടറിയാം... | അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT). | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | PTA |
| പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ. | | | | |
| രുചിച്ചറിയാം... | നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ. | വർഷത്തിലൊന്ന് | SRG, ക്ലാസ് ടീച്ചർ, PTA | |
| ഭക്ഷ്യമേള - പാചകക്കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം, ക്ലാസിലൊരു സദ്യ. | | | | |
| ഓർക്കാം - ആദരിക്കാം (സാഹിത്യകാരന്മാർ) | സാഹിത്യകാരന്മാരെ അടുത്തറിയൽ, ഓർമ്മദിനങ്ങൾ ആചരിക്കൽ. | ആവശ്യാനുസരണം | SRG, ക്ലാസ് ടീച്ചർ, CPTA | |

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| സാഹിത്യകാരന്മാരുടെ ജന്മ-ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ, ഡോക്യുമെന്ററി പ്രദർശനം, പുസ്തക പരിചയം, ക്വിസ്, ലഘു പ്രഭാഷണം, ജീവിതരേഖ തയ്യാറാക്കൽ, പതിപ്പ് നിർമ്മാണം, പ്രദർശനം. | | | | |
| കലക്കൂട്ട് | പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ. | വർഷത്തിലൊന്ന് | HM, SRG, CPTA, ക്ലാസ് ടീച്ചർ | PTA |
| പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക്. | | | | |
| ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ/പ്രദർശനം (സർഗ്ഗോത്സവം, കലാവതരണം, കലാ ഉപകരണങ്ങൾ, ചമയങ്ങൾ പ്രദർശനം). | | വർഷത്തിലൊരിക്കൽ | SRG, CPTA, ക്ലാസ് ടീച്ചർ | PTA |
| കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം. | | | HM | |

**2.** വിരിയുന്ന ചിന്തകൾ (ഇംഗ്ലീഷ് ഭാഷാ പഠനം)

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് അസംബ്ലി | ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതാനും ശേഷി മെച്ചപ്പെടുത്തൽ. | ആഴ്ചയിൽ രണ്ടു ദിവസം (വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ | |
| അസംബ്ലി ചേരൽ (നിയന്ത്രണം കുട്ടികൾക്ക്). | | | | |
| ഇംഗ്ലീഷ് ഡയറി | തെറ്റില്ലാതെ ഇംഗ്ലീഷ് | ആഴ്ചയിൽ മൂന്ന് | ക്ലാസ് ടീച്ചർ | |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| | എഴുതാനുള്ള ശേഷി. | ദിവസം (വർഷം മുഴുവൻ) | | |
| നിത്യവും വീട്ടിലും വിദ്യാലയത്തിലും നടക്കുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതൽ. | | | | |
| ഇംഗ്ലീഷ് തിയേറ്റർ | സർഗാത്മകതാ പരിപോഷണം. | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | SMC |
| ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (Skit, Drama, Conversation, Story Telling). | | | | |
| ഇംഗ്ലീഷ് മാഗസിൻ | സർഗാത്മകതാ രചനാശേഷി വികസനം. | മൂന്ന് മാസത്തിലൊരിക്കൽ | HM, ക്ലാസ് ടീച്ചർ, SMC | SMC |
| മൂന്ന് മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ. | | | | |
| ഇംഗ്ലീഷ് കൈയെഴുത്ത് | ഇംഗ്ലീഷ് ഭാഷയിലുള്ള രചനാ മികവ്. | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | PTA |
| സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സുഹൃത്തുക്കളുമായി കത്തിടപാടുകൾ നടത്തൽ. | | | | |
| ഇംഗ്ലീഷ് കോർണർ | വായനാ പരിപോഷണം. | രണ്ടാഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | രക്ഷിതാക്കൾ |
| കുട്ടികളുടെ നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാ മൂലയൊരുക്കൽ, വായനാവേളയൊരുക്കൽ, വായനാകുറിപ്പ്- | | | | |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| പുസ്തക പരിചയം. | | | | |
| ഇംഗ്ലീഷ് ഫെസ്റ്റ് | ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ (ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസം ഉണ്ടാക്കൽ). | വർഷത്തിലൊന്ന് (അവധിക്കാലം) | SRG, SMC, ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| വായനാ മത്സരം, രചനാ മത്സരം, മറ്റു സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം. | | | | |

**3.** കളിക്കാം... ഗണിക്കാം... (ഗണിത പഠനം)

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ- നടപ്പാക്കൽ | ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ). | വർഷം മുഴുവൻ | SRG, ക്ലാസ് ടീച്ചർ | |
| മൂല്യനിർണയം (ഏണിയും പാമ്പും, ഡയസ് കളി, സങ്കലനം- വ്യവകലനം, കച്ചവടക്കളി). | | | | |
| ഒറിഗാമിയിലൂടെ പഠിക്കാം.. | ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ- കര ചലന ശേഷി വികാസം. | വർഷത്തിലൊരിക്കൽ (ഉചിതമായ സമയത്ത്) | ക്ലാസ് ടീച്ചർ | PTA |
| ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം, പ്രദർശനം. | | | | |
| ഗണിത ലാബ് | ഗണിത പഠനം സുതാര്യമാക്കൽ, ഗണിത ലാബ് ഉപയോഗപ്പെടുത്തൽ. | വർഷം മുഴുവൻ | HM, SRG, ക്ലാസ് ടീച്ചർ | PTA |
| ഗണിതച്ചർ | ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ. | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| ഗണിത ചർ ഒരുക്കൽ- പഠനത്തിന് ഉപയോഗപ്പെടുത്തൽ. | | | | |
| ഗണിത | പഠനോപകരണങ്ങളി | ആവശ്യാനുസരണം | SRG, ക്ലാസ് ടീച്ചർ | PTA |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| പഠനോപകരണ ശില്പശാല | ലൂടെ ഗണിത പഠനം രസകരമാക്കൽ. | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം, പ്രദർശനം. | | | | |
| ഗണിതമേള | ഗണിത ശേഷികളുടെ പ്രകടനം. | വർഷത്തിലൊന്ന് | SRG, ക്ലാസ് ടീച്ചർ . | PTA |
| പ്രശ്നോത്തരി, പസിൽ, പാറ്റേൺ, പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം. | | | | |

**4.** അറിയാം... അടുത്തറിയാം... (പരിസര പഠനം)

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| പ്രകൃതി നടത്തം | നിരീക്ഷണം-അറിവ് നിർമ്മാണം. | ആവശ്യാനുസരണം | HM, CPTA | PTA |
| പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ. | | | | |
| ശാസ്ത്രമേള | ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ. | വർഷം മുഴുവൻ | HM, SRG, ക്ലാസ് ടീച്ചർ | PTA, SSA |
| ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ, പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ. | | | | |
| ശാസ്ത്രയാത്ര | ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ- അന്വേഷണ ത്വര വളർത്തൽ. | ആവശ്യാനുസരണം | HM, SRG, CPTA, ക്ലാസ് ടീച്ചർ | PTA, രക്ഷിതാക്കൾ |
| വാന നിരീക്ഷണ കേന്ദ്രം, സയൻസ് പാർക്ക്, ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ, ഫോക്ക്‌ലോർ അക്കാദമി ഇവ സന്ദർശിക്കൽ. | | | | |
| ഭൂപടമൊരുക്കാം | ഭൂപട വായന, ഭൂപട രചന, സൂചിക | വർഷത്തിലൊന്ന് | SRG, ക്ലാസ് ടീച്ചർ | PTA |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| | പരിചയപ്പെടൽ, സൂചികാ നിർമ്മാണം, കളങ്ങൾ ഉപയോഗിക്കൽ. | | | |
| കേരളം - ഇന്ത്യ- ഭൂപട വായന. | | | | |
| ശാസ്ത്ര വിസ്മയ ചുമർ | ശാസ്ത്ര പഠനം രസകരമാക്കൽ. | ആവശ്യാനുസരണം | SRG, ക്ലാസ് ടീച്ചർ | PTA |
| ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ. | | | | |
| ശാസ്ത്രോത്സവം | ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം. | വർഷത്തിലൊരിക്കൽ | HM, SRG, ക്ലാസ് ടീച്ചർ | PTA |
| പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം (പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം). | | | | |
| ശാസ്ത്രമാസിക | അറിവുകളുടെ രചന. | വർഷത്തിലൊന്ന് | HM, SRG, ക്ലാസ് ടീച്ചർ | PTA |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ ശാസ്ത്ര മാസികകളുടെ നിർമ്മാണം. | | | | |